രണ്ടു പ്രാവശ്യം ടെണ്ടർ വിളിച്ചു. കരാറുകാരെ ലഭിക്കാത്തതുകൊണ്ട് കമ്മീഷൻ ക്ഷണിച്ചിട്ടുണ്ട്. 6.8 കിലോമീറ്റർ അത്യാവശ്യപ്പണികൾ നടത്തി, ബാക്കിയുള്ള ഭാഗത്ത് പണികൾ ഇപ്പോൾ അറേഞ്ച് ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ അത്യാവശ്യം അറ്റകുറ്റപ്പണികൾക്കുള്ള ഏർപ്പാട് ചെയ്യുന്നതാണ്. ടെൻഡർ വിളിച്ചിട്ട് വർക്ക് എടുക്കാത്ത ഭാഗത്ത് കമ്മീഷൻ വിളിച്ചു. തണ്ണീർമുക്കം സ്റ്റേറ്റ് ഹൈവേ ഇതിന്റെ ഭാഗമാണ്. അവിടെയും അത്യാവശ്യ പണികൾക്കുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(4) പട്ടാമ്പി-പെരിന്തൽമണ്ണ റോഡിലെ പുലാമന്തോൾ പാലം നേരിടുന്ന അപകടഭീഷണി

<u>ശ്രീ. കെ.പി.എ. മജീദ്</u> : സർ, പട്ടാമ്പി-പെരിന്തൽമണ്ണ റോഡിൽ ഏറ്റവും സുപ്രധാനമാണ് പുലാമന്തോൾപാലം. പത്തറുപത് വർഷം പഴക്കമുള്ള പാലമാണ്. അത് തകരാറായി അപകടകരമായ സ്ഥിതിവിശേഷം നേരിടുകയാണ്. റവന്യൂ മിനിസ്റ്റർ ശ്രീ. കെ.ഇ. ഇസ്മയിലിന്റെ മണ്ഡലത്തിലുള്ള പാലമാണ്. പാലക്കാട് നിയോജകമണ്ഡലത്തിൽ വരുന്നതാണ്. മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പാലമാണ്. ബഹു. റവന്യൂ മിനിസ്റ്റർക്ക് ഉന്നയിക്കുവാൻ കഴിയാത്തതുകൊണ്ടാണ് ഞാൻ ഉന്നയിച്ചത്. ഇത് ഒരു പ്രധാനപ്പെട്ട പാലമാണ്. പാലത്തിന്റെ അപകടകരമായ സ്ഥിതിവിശേഷം മാറ്റാൻ അടിയന്തിരമായ നടപടി ഉണ്ടാകണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, ഇത് പ്രാധാന്യമുള്ള പാലമാണ്. പാലത്തിന്റെ കമ്പികൾ തുരുമ്പ് പിടിച്ച് ദ്രവിച്ചുപോയതിന്റെ പശ്ചാത്തലത്തിൽ പുതുക്കിപ്പണിയേണ്ടതായിട്ടുണ്ട്. ഏകദേശം 400 ലക്ഷം രൂപ എസ്റ്റിമേറ്റ് വരും. ലാന്റ് അക്വിസിഷനൊക്കെ നടത്തിക്കഴിഞ്ഞു. ഇതിന് പ്രത്യേക അനുമതി നല്കിക്കഴിഞ്ഞിട്ടുണ്ട്. കാലതാമസമില്ലാതെ ഈ വർക്ക് ആരംഭിക്കുന്നതാണ്.

(5) കുന്നംകുളം നിയോജകമണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജാഫീസുകൾ പുനഃസംഘടിപ്പിക്കേണ്ടതു സംബന്ധിച്ച്

<u>ശ്രീ. എൻ.ആർ. ബാലൻ</u> : സർ, കുന്നംകുളം നിയോജകമണ്ഡലത്തിൽ തലപ്പള്ളി താലൂക്കിലും തൃശ്ശൂർ താലൂക്കിലുമായി 28 വില്ലേജുകളുണ്ട്. 28 വില്ലേജുകൾ 12 ഗ്രൂപ്പ് വില്ലേജ് ഓഫീസുകളിലായിട്ടാണ് പ്രവർത്തിക്കുന്നത്. എട്ടും പത്തും കിലോമീറ്റർ യാത്രചെയ്തിട്ടുവേണം പൊതുജനങ്ങൾക്ക് അവിടെ എത്തിച്ചേരാൻ. എന്റെ മണ്ഡലത്തിൽ ആർത്താട്ട് പഞ്ചായത്തിൽ രണ്ടു വില്ലേജുകളുണ്ട്. ആ പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസുപോലുമില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനവേളയിൽ വില്ലേജ് ഓഫീസുകളുടെ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനം അവസാനിപ്പിക്കുമെന്ന് റവന്യൂ വകുപ്പു മന്ത്രി ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. കുന്നംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട 28 വില്ലേജുകൾക്കും ഒറ്റയൊറ്റ കെട്ടിടങ്ങളിലായിട്ടുള്ള ഓഫീസുകൾ പണിയാനുള്ള നടപടി ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകണം. ആവശ്യമായ സ്ഥലം സൗജന്യമായി നല്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾ സന്നദ്ധമായി മുന്നോട്ടുവന്നിട്ടുണ്ട്. ഈ കാര്യത്തിൽ റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധപതിയണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, റവന്യൂവകുപ്പിൽ ഇപ്പോൾ ഒരു ഗ്രൂപ്പ് നിലനിൽക്കുകയാണ്. റവന്യൂ വകുപ്പിലെ ഗ്രൂപ്പ് അവസാനിപ്പിക്കുവാൻ ശക്തമായ തീരുമാനം എടുത്തിട്ടുണ്ട്. അതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. 119 ഗ്രൂപ്പ് വില്ലേജാഫീസുകളിലായി 257 വില്ലേജ് ഓഫീസുകളാണ് പ്രവർത്തിക്കുന്നത്. ഗ്രൂപ്പ് വില്ലേജാഫീസ് വിഭജിച്ചാൽ പുതുതായി 138 വില്ലേജ് ഓഫീസുകൾ രൂപീകരിക്കേണ്ടിവരും. ഏറ്റവും കൂടുതൽ തൃശ്ശൂർ ജില്ലയിലാണ്. 97 ഗ്രൂപ്പ് വില്ലേജുകളിലായി 213 വില്ലേജ് ഓഫീസുകൾ തൃശ്ശൂർ തന്നെ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്ത് 6 ഗ്രൂപ്പ് വില്ലേജാഫീസുകളിലായി 12 വില്ലേജാഫീസുകൾ എറണാകുളത്ത് 6 ഗ്രൂപ്പ് വില്ലേജാഫീസുകളിലായി 12 വില്ലേജാഫീസുകൾ, കാസർഗോട് 10 ഗ്രൂപ്പ് വില്ലേജാഫീസുകളിലായി 20 വില്ലേജാഫീസുകൾ എന്നിങ്ങനെയാണു പ്രവർത്തിക്കുന്നത്. ഇതെല്ലാം വിഭജിച്ച് സ്വന്തം ഓഫീസുകൾ നിർമ്മിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടി ആരംഭിച്ചുകഴിഞ്ഞു. തൃശ്ശൂർ ജില്ലയിലാണ് ആദ്യം ആരംഭിച്ചത്. കഴിഞ്ഞ പ്രാവശ്യം ശ്രീ. ലോനപ്പൻ നമ്പാടൻ, അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കാര്യം ഇവിടെ അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജാഫീസുകൾ പൂർണ്ണമായിട്ട് അവസാനിപ്പിച്ചു. അവിടെ പണം അനുവദിച്ചുകൊടുത്തു. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത് കുന്നംകുളം മണ്ഡലത്തെ പരിഗണനയിലെടുക്കുന്നതാണ്. വേഗം ഈ നടപടി പൂർത്തീകരിക്കുന്നതാണ്.

(6) ചെല്ലാനം പഞ്ചായത്തിലെ ചെറിയകടവ് പ്രദേശത്തെ കടലാക്രമണം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിൽ ചെറിയകടവ് പ്രദേശം അതിരൂക്ഷമായ കടലാക്രമണംകൊണ്ട് ബുദ്ധിമുട്ടുകയാണ്. കഴിഞ്ഞ വർഷം ഏകദേശം നൂറോളം വീടുകൾ വെള്ളത്തിലായപ്പോൾ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ സ്ഥലത്തു വന്ന് അന്വേഷിച്ചു. അദ്ദേഹം 11 വർക്കുകൾക്ക് നിർദ്ദേശം നല്കി. ആ വർക്കുകൾ ടെൻഡർ കഴിഞ്ഞിരിക്കുകയാണ്. ഗവൺമെന്റിന്റെ നിയന്ത്രണംകൊണ്ട് ആ വർക്കിൽ എഗ്രിമെന്റ് വയ്ക്കുവാൻ കഴിയുന്നില്ല. ഇന്ന് മിഥുനം 27-ാം തീയതിയാണ്. കർക്കിടകമാസം കഴിഞ്ഞുപോയാൽ നൂറോളം വീടുകൾ നശിക്കുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഗവൺമെന്റ് ടെൻഡർ കഴിഞ്ഞിട്ടുള്ള വർക്കുകൾക്ക് അടിയന്തിരമായി ഉത്തരവ് കൊടുക്കുകയും കടൽഭിത്തി ശക്തിപ്പെടുത്തുവാൻ നിർദ്ദേശം നല്കുകയും ചെയ്യണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ചെറിയകടവ് ഭാഗത്ത് 300 മീറ്ററോളം പുനരുദ്ധാരണവും അറ്റകുറ്റപ്പണിയും മേയ് മാസം അവസാനത്തോടുകൂടി തീരുന്നു. ശക്തമായ കടലാക്രമണ സാധ്യതയുള്ള പ്രദേശങ്ങളിൽ ഭിത്തി പുനർനിർമ്മാണത്തിന് 600 മീറ്റർ നീളത്തിന് 55.55 ലക്ഷം രൂപ എസ്റ്റിമേറ്റ് വരും. ആറ് പണികൾക്ക് ദർഘാസ് ക്ഷണിച്ചു. ലഭ്യമായിട്ടുള്ള ദർഘാസ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സൂക്ഷ്മ പരിശോധനയിലാണ്. അടിയന്തിരമായി പണി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) കാഞ്ഞിരപ്പള്ളി ഗവൺമെന്റാശുപത്രിയിൽ നൂറുകിടക്കകളുള്ള ഒരു വാർഡ് പണിയണമെന്ന ആവശ്യം

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, 104 വർഷം പഴക്കമുള്ള കാഞ്ഞിരപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിയുടെ ബുദ്ധിമുട്ട് ബഹു. മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly